# കേരള സർവകലാശാല

നം. പി.ആർ.121/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഗ്രേസ് മാർക്കിന് അപേക്ഷിക്കാം

കേരള സർവകലാശാല എൻ.എസ്.എസ്, എൻ.സി.സി, സ്പോർട്സ്, ഫിസിക്കലി ചലഞ്ച്ട് എന്നീ വിഭാഗങ്ങളിൽ അർഹതയുള്ള ബി.എ, ബി.എസ്സി, ബി.കോം (സി.ബി.സി.എസ്) വിദ്യാർത്ഥികൾ ( 2016 ഏപ്രിലിൽ ആറാം സെമസ്റ്റർ പരീക്ഷയെഴുതിയവർ) ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ ജൂലൈ 16-നകം ബന്ധപ്പെട്ട പരീക്ഷാവിഭാഗത്തിൽ എത്തിക്കണം.

### എം.എ/എം.എസ്സി/എം.കോം പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ്/സെപ്റ്റംബറിൽ നടത്തുന്ന എം.എ/എം.എസ്സി/എം.കോം പ്രീവിയസ് സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 23 (50 രൂപ പിഴയോടെ ജൂലൈ 30, 250 രൂപ പിഴയോടെ ആഗസ്റ്റ് അഞ്ച്) വരെ അപേക്ഷിക്കാം. 2015 ആഗസ്റ്റിൽ നടന്ന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷച്ചവർ ഈ പരീക്ഷയ്ക്കും ഓൺലൈനായി അപേക്ഷിക്കണം.

### ബി.എ.എം.എസ് പരീക്ഷ

കേരള സർവകലാശാല ജൂലൈ 29-ന് തുടങ്ങുന്ന രണ്ടാം വർഷ ബി.എ.എം.എസ് പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 14 (50 രൂപ പിഴയോടെ ജൂലൈ 16, 250 രൂപ പിഴയോടെ ജൂലൈ 18) വരെ അപേക്ഷിക്കാം.

### ബി.ടെക് ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 27 വരെ ഓൺലൈനായി അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസട്രക്ച്ചേർഡ് - 2008 സ്കീം - റഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് 17-ന് തുടങ്ങുന്ന രണ്ടാം വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ആന്വൽ സ്കീം റഗുലർ ആൻഡ് സപ്ലിമെന്ററി (പുതിയ സ്കീം & പഴയ സ്കീം) പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 20 (50 രൂപ പിഴയോടെ ജൂലൈ 22, 250 രൂപ പിഴയോടെ ജൂലൈ 26) വരെ ഓൺലൈൻ വഴിയും (റഗുലർ)

ഓഫ്ലൈൻ വഴിയും (സപ്ലിമെന്ററി) അപേക്ഷിക്കാം. പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 200 രൂപ അടയ്ക്കണം.

## ബി.ബി.എ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ (കരിയർ റിലേറ്റഡ് സി.ബി.സി.എസ് - 2013 സ്കീം (റഗുലർ) & 2013-ന് മുമ്പുള്ള (സപ്ലിമെന്ററി)) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.വി.എ അപേക്ഷ : തീയതി നീട്ടി

കേരള സർവകലാശാലയുടെ കീഴിലുള്ള രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 22 വരെ നീട്ടി. പ്രവേശനപ്പരീക്ഷ ആഗസ്റ്റ് മൂന്നിനും ഇന്റർവ്യൂ ആഗസ്റ്റ് 10-നും പ്രവേശനം ആഗസ്റ്റ് 12-നും നടത്തും. ക്ലാസുകൾ ആഗസ്റ്റ് 17-ന് തുടങ്ങും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
08.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in